അതിനുപുറമെ ഇപ്പോൾ 84 കോടി രൂപ കോഴിക്കോട് സിറ്റിക്കുവേണ്ടി എ. പി. ഡി. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി സെൻട്രൽ ഗവൺമെന്റിന്റെ സാംഗ്ഷൻ കിട്ടിയിട്ടുണ്ട്. അതിന്റെ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കും: അതുപ്രകാരം 100 കി.മീറ്റർ യു.ജി. കേബിളും 200 ട്രാൻസ്ഫോർമറും 110 കെ.വി. ആട്ടോമേഷൻ ആവശ്യമുള്ള സബ്സ്റ്റേഷനും കോഴിക്കോട് സിറ്റിയിൽ സ്ഥാപിക്കും. ഇക്കാര്യത്തിൽ 25 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡിയാണ്. അതിന്റെ ഉദ്ഘാടനം കോഴിക്കോട് നടത്താൻ ഉദ്ദേശിക്കുകയാണ്. വൈദ്യുതിത്തകരാറുകൾ പരിഹരിക്കുന്നതിന് ട്രബിൾ കാൾ മാനേജുമെന്റ് സെന്ററിന്റെ പ്രവർത്തനം കോഴിക്കോട് തുടങ്ങിയിട്ടുണ്ട്. അതിനുവേണ്ടി ആറ് മൊബൈൽ വാനുകൾ അനുവദിച്ചിട്ടുണ്ട്. എവിടെയെങ്കിലും പ്രോബ്ലം ഉണ്ടെങ്കിൽ ഏത് കൺസ്യൂമറും കൺട്രോൾ റൂമിലേയ്ക്ക് വിളിച്ചാൽ ആ മൊബൈൽ വാനിലേയ്ക്ക് ഇൻഫർമേഷൻ കൊടുക്കും. അര മണിക്കൂർ എന്നാണ് സമയം പറയുന്നതെങ്കിലും ഒരു മണിക്കൂറിനുള്ളിൽ ആ സ്പോട്ടിൽ കൺസ്യൂമറുടെ പ്രോബ്ലത്തിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കും. ഈ കാര്യങ്ങൾ പ്രാവർത്തികമാകുമ്പോൾ കോഴിക്കോട് സിറ്റിയിലെ ഇലക്ട്രിസിറ്റി പ്രോബ്ലത്തിന് വളരെയധികം പരിഹാരം ഉണ്ടാക്കാൻ കഴിയും. അതുപോലെ 149 കോടി രൂപയുടെ ഒരു പദ്ധതി കൊച്ചിയിലും 139 കോടി രൂപയുടെ ഒരു പദ്ധതി കൃാപ്പിറ്റൽ സിറ്റി എന്ന നിലയിൽ തിരുവനന്തപുരത്തും സാംഗ്ഷൻ കിട്ടിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളും അതിന്റെകൂടെ തന്നെ തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(3) ഇരവിപുരത്ത് തീരദേശ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം, സൗജന്യറേഷൻ എന്നിവ സംബന്ധിച്ച്

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ]

ശ്രീ. എ. എ.അസീസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽ ഇരവിപുരം, മയ്യനാട് തീരപ്രദേശങ്ങളിൽ കടലാക്രമണത്തിൽ 30-ൽപ്പരം ഭവനങ്ങൾ വെള്ളത്തിനടിയിലാകുകയും കടലാക്രമണം മൂലം 50-ൽപ്പരം വീടുകൾ പൊളിച്ചുമാറ്റുകയും ചെയ്തു. പുറംപോക്ക് ഭൂമിയിൽ താമസിച്ച ഇവർ അടുത്ത സ്കൂളുകളിൽ കഴിയുകയാണ്. കഴിഞ്ഞ സുനാമിക്ക് മുൻകൊല്ലം ഇതേ സ്ഥലത്തുതന്നെ കടലാക്രമണം ഉണ്ടാകുകയും മുപ്പതിൽപ്പരം വീടുകൾ തകർന്നു പോവുകയും ചെയ്തു. അവരെ പുനരധിവസിപ്പിക്കുവാൻ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അവിടെ കടൽഭിത്തിയുള്ള സ്ഥലമാണ്. കുറെ സ്ഥലത്തു മാത്രമേ കടൽ ഭിത്തി ഇല്ലാതുള്ളൂ. കടൽ ഭിത്തി ഇല്ലാത്ത സ്ഥലത്തുകൂടിയാണ് കടലാക്രമണം രൂക്ഷമായത്. കൊല്ലത്ത് ഹാർബർ വന്നതിനുശേഷമാണ് ഇരവിപുരത്തെ തൊട്ടടുത്ത പ്രദേശമായ ഈ തീരപ്രദേശത്ത് ഇത്തരത്തിൽ ആക്രമണം ഉണ്ടാകുന്നത്. തുടർച്ചയായി ഉണ്ടാകുന്ന ഈ ആക്രമണംമൂലം തീരദേശത്ത് താമസിക്കുന്ന ആളുകൾ യഥാർത്ഥത്തിൽ ഭയത്തോടുകൂടിയാണ് കഴിയുന്നത്. കഴിഞ്ഞ ദിവസം ബഹുമാന്യനായ ഇറിഗേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിച്ചതാണ്. അവിടെ താമസിക്കുന്ന മുഴുവൻ ആളുകളേയും മാറ്റി പാർപ്പിക്കണം എന്നാണ് അദ്ദേഹം അവിടെ കൂടിയ ആളുകളോട് പറഞ്ഞത്. അത് യാഥാർത്ഥ്യമാക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. അവിടത്തെ ജനങ്ങളുടെ ആഗ്രഹാനുസരണം തകർന്നു പോയിരിക്കുന്ന കടൽഭിത്തി ബലപ്പെടുത്തുകയും കടൽഭിത്തി ഇല്ലാത്ത സ്ഥലത്ത് പുലിമുട്ട് പോലുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. ഈ ആവശ്യത്തെ മുൻനിർത്തി അവിടത്തെ ജനങ്ങൾ കൊല്ലം കളക്ടറേറ്റിനു മുന്നിൽ ഒരു ദിവസം ധർണയും പിക്കറ്റിംഗും നടത്തുകയുണ്ടായി. അവർ ഇപ്പോഴും സ്കൂളുകളിൽ കഴിയുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് കഴിഞ്ഞ രണ്ടു മാസമായി ജോലിക്കു പോകാൻ കഴിയുന്നില്ല. ക്യാമ്പിൽ കഴിയുന്ന ആളുകൾക്ക് ഇപ്പോൾ സൗജന്യഭക്ഷണം നൽകുന്നുണ്ട്. എന്നാൽ ജോലിക്ക് പോകാൻ കഴിയാത്ത ആളുകളുടെ കുടുംബം പട്ടിണിയിലാണ്. അവർക്ക് സൗജന്യറേഷൻ നൽകണം. കടൽഭിത്തി നിർമ്മിക്കുന്ന കാര്യത്തിലും പുലിമുട്ട് പോലുള്ള മറ്റ് എന്തെങ്കിലും സംവിധാനത്തെ സംബന്ധിച്ചും ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഇരവിപുരം തീരപ്രദേശത്തെ കടൽ ക്ഷോഭവുമായി ബന്ധപ്പെട്ട് മുണ്ടയ്ക്കൽ, ഇരവിപുരം എന്നീ വില്ലേജുകളിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരമായി 2,66,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. കടൽഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) ചവറയിൽ സുനാമി ദുരന്തത്തിനിരയായവരുടെ പുനരധിവാസം

ശ്രീ. ഷിബു ബേബിജോൺ: സർ, വളരെ ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷം എന്റെ നിയോജക മണ്ഡലത്തിൽ നിലനിൽക്കുകയാണ്. സുനാമി ദുരന്തം പിന്നിട്ടിട്ട് ഏഴ് മാസം കഴിഞ്ഞു. അവിടെ മൂന്ന് പഞ്ചായത്തുകളെയാണ് സുനാമി സാരമായി ബാധിച്ചത്. ആലപ്പാട് പഞ്ചായത്ത് കഴിഞ്ഞാൽ ഏറ്റവും രൂക്ഷമായി സുനാമി ബാധിച്ചത് ശക്തികുളങ്ങര മേഖലയിലാണ്. അവിടെ രണ്ടു മരണം നടന്നു. നൂറ് കണക്കിന് വീടുകൾ നഷ്ടപ്പെട്ടു. എന്നാൽ ഇതേവരെ പുനരധിവാസ പ്രവർത്തനത്തിന് യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഒരു പ്രദേശത്തുമാത്രം ടെമ്പററി ഷെൽറ്ററിൽ 48 കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചു. അല്ലാതെ ശക്തികുളങ്ങര മേഖലയിൽ അവർക്ക് സ്ഥിരം താമസിക്കുന്നതിനുവേണ്ടി ഇതുവരെ സ്ഥലം കണ്ടെത്തിയിട്ടില്ല. പത്മന മേഖലയിൽ പൊൻമന എന്ന സ്ഥലത്ത് മൻപത് കുടുംബങ്ങൾ ഷെൽറ്ററിൽ കഴിയുന്നു. ഒരു നടപടിയും ഉണ്ടായിട്ടില്ല. ചവറ പഞ്ചായത്തിലെ കോവിൽതോട്ടം മേഖലയിൽ ഒരു വർഷമായി സുനാമിക്ക് മുൻപുതന്നെ 5 കുടുംബങ്ങൾ ക്യാമ്പിൽ താമസിക്കുകയാണ്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ ആ സ്ഥലം സന്ദർശിച്ചു.

LIBRARY ARCHIVES Kerala Legislative Assembly